I ഇ.ബി. XV - കേരള നിയമസഭ/II-10

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 4, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അറിയിപ്പ്

പത്രവാർത്തയിലെ പിശക്

മി. സ്പീക്കർ: 03-08-2021-ന് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയവരുടെ പേരുവിവരം പരാമർശിച്ചപ്പോൾ ഒരംഗത്തിന്റെ പേര് വിട്ടുപോയത് ഫോട്ടോകോപ്പി എടുത്തതിലുള്ള പിശകുമൂലമാണെന്ന് സഭയെ

അറിയിക്കുകയും വിട്ടുപോയ പേര് കൂട്ടിച്ചേർത്ത് പരാമർശം തിരുത്തുകയും ചെയ്തെങ്കിലും അംഗത്തിന്റെ പേര് മനഃപൂർവ്വം ഒഴിവാക്കിയതാണെന്ന തരത്തിൽ ചില പത്രവാർത്തകൾ വന്നിട്ടുണ്ട്. സഭാനടപടികൾ വസ്തുതാപരമായി റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ മാധ്യമപ്രവർത്തകർ കൂടുതൽ ഉത്തരവാദിത്വവും ജാഗ്രതയും പുലർത്തേണ്ടതുണ്ട്.

## II. അടിയന്തരപ്രമേയം

ഇരട്ട സഹോദരന്മാരുടെ ആത്മഹത്യ

മി. സ്പീക്കർ: കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലെ മണിപ്പുഴ ശാഖയിൽ നിന്നെടുത്ത ഭവന വായ്പാ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ ബാങ്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ നടപടികളെത്തുടർന്ന് ഇരട്ട സഹോദരങ്ങളായ നിസാർ ഖാനും നസീർ ഖാനും ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഇരട്ട സഹോദരങ്ങളായ നിസാർ ഖാനും നസീർ ഖാനും കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മണിപ്പുഴ ശാഖയിൽ നിന്നെടുത്ത ഭവന വായ്പാ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പ്രകാരം 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടയ്ക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകുകയും ബാങ്ക് ഉദ്യോഗസ്ഥർ വായ്പക്കാരെ നേരിൽക്കണ്ട് സംസാരിക്കുകയുമുണ്ടായി. എന്നാൽ 01-08-2021-ന് രാത്രി സഹോദരങ്ങൾ ആത്മഹത്യ ചെയ്യുകയാണുണ്ടായത്. കോവിഡ് സാഹചര്യത്തിൽ വായ്പാ കുടിശ്ശികക്കാർക്ക് പരമാവധി ഇളവുകൾ നൽകണമെന്നും പകരം വാസസ്ഥലം ഉറപ്പുവരുത്തി മാത്രമേ ജപ്തി നടപടികൾ സ്വീകരിക്കാവൂ എന്നുമുള്ള സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ഈ വിഷയത്തിൽ നിയമ നടപടി ആരംഭിച്ചിരുന്നില്ല. ഇരട്ട സഹോദരങ്ങളുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് കോട്ടയം ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോവിഡ് കാലത്ത് വ്യക്തിഗത സംരംഭക-ഭവന വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത വീഴ്ചകൾക്ക് സാവകാശം നൽകണമെന്നുള്ള കോടതി നിരീക്ഷണങ്ങൾ നിലവിലുണ്ട്. സ്വന്തമായി കിടപ്പാടം വേണമെന്ന വായ്പക്കാരുടെ ആഗ്രഹം മുതലെടുത്താണ് തിരിച്ചടവിനുള്ള സാഹചര്യമില്ലെന്ന് മനസ്സിലാക്കിയിട്ടും ഭൂമിയുടെ മൊത്തം വിലയെക്കാൾ കൂടിയ തുക വായ്പയായി നൽകുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണമാണ് ഇരട്ട സഹോദരങ്ങൾ ജീവനൊടുക്കിയതെന്നാണ് പോലീസിന്റെ നിഗമനം. കേരളത്തിൽ നടക്കുന്ന ആത്മഹത്യകൾ നിസ്സാരവത്കരിക്കുന്നതും കണ്ടില്ലെന്ന് നടിക്കുന്നതും ശരിയായ നടപടിയല്ല. ബാങ്കിനെതിരെയുള്ള ആരോപണം അന്വേഷിച്ച് നിജസ്ഥിതി കണ്ടെത്തണം. മക്കൾ ആത്മഹത്യചെയ്തതിനെത്തുടർന്ന് നിസ്സഹായാവസ്ഥയിലായ മാതാവിന് സംരക്ഷണവും ജീവിതമാർഗ്ഗവും നൽകുന്നതിനോടൊപ്പം കടം എഴുതിത്തള്ളുന്നതിനുള്ള നടപടിയുമുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ബാങ്കിൽനിന്നും നോട്ടീസ് ലഭിച്ചതിനാൽ മനംനൊന്ത് ആത്മഹത്യ ചെയ്തുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. തിരിച്ചടയ്ക്കാൻ

സാധിക്കുമെന്ന് ഉറപ്പുവരുത്തിയും നാലര സെന്റ് സ്ഥലവും അതിലെ കെട്ടിടവും കണക്കിലെടുത്തുമാണ് ലോൺ അനുവദിച്ചത്. സർഫാസി ആക്ട് പ്രകാരം ബാങ്ക് നടപടി സ്വീകരിച്ചിട്ടില്ല. ടി വിഷയത്തിൽ പോലീസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

### 1. ബ്ലൂ ഇക്കോണമി നയരേഖ

ശ്രീ. വി. ആർ. സുനിൽ കുമാർ: സംസ്ഥാന സർക്കാരുകളുമായും മത്സ്യത്തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്യാതെ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ബ്ലൂ ഇക്കോണമി കരട് നിയമം നടപ്പിലാക്കിയാൽ

കേരളത്തിലെ ഭൂരിപക്ഷം യാനങ്ങൾക്കും 12 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യമുണ്ടാകും. നിയമലംഘനമുണ്ടായാൽ വൻപിഴയും ക്രിമിനൽ നടപടിയും വ്യവസ്ഥ ചെയ്യുന്ന ഈ നിയമം മത്സ്യമേഖലയുടെ തകർച്ചയ്ക്ക് കാരണമാകുമെന്നതിനാൽ ഇതിനെതിരെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ബ്ലൂ ഇക്കോണമിയുടെ ഭാഗമായി വരുന്ന കരട് മത്സ്യബന്ധന നിയമം 2019, സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച നിർദ്ദേശങ്ങളിൽ കുറെ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ നിയമത്തിലെ അപകടകരമായ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിച്ച് പാർലമെന്റിൽ ഉന്നയിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ നയം നടപ്പിലാകുകയാണെങ്കിൽ തുറമുഖങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകാനും അശാസ്ത്രീയമായ നിർമ്മാണംമൂലമുള്ള കടലാക്രമണം രൂക്ഷമാകാനും മത്സ്യത്തൊഴിലാളികളുടെ വീടും വസ്തുവകകളും നഷ്ടപ്പെടാനും പരിസ്ഥിതിലോല പ്രദേശങ്ങൾ അപ്രത്യക്ഷമാകാനും സാദ്ധ്യതയുണ്ട്.

സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ പ്രകാശ സംശ്ലേഷണം സാധ്യമാകുകയുള്ളു എന്നതിനാൽ കടലിലെ പ്രകാശിക മേഖലയുടെ ശോഷണം മത്സ്യസമ്പത്ത് ഗണ്യമായി കുറയാൻ കാരണമാകും. ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിട്ടോറിയൽ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമായതിനാൽ ആ പ്രദേശങ്ങളിലെ വികസനപരിപാലന പ്ലാൻ തയ്യാറാക്കാനുള്ള അധികാരവും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന്റെ ഫെഡറൽ അധികാരങ്ങളെയും സംവിധാനങ്ങളെയും ചോദ്യം ചെയ്യുന്ന ഒന്നായി ബ്ലൂ ഇക്കോണമി നയരേഖ മാറുമെന്നതുകൊണ്ട് ശക്തമായ നിലയിൽ കേന്ദ്ര ഗവൺമെന്റിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്.

2. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ

ശ്രീ. അനൂപ് ജേക്കബ്: സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാനസിക രോഗികളെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി

പ്രവർത്തിച്ചുവരുന്ന മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾക്കുപുറമെ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലും മാനസികാരോഗ്യ ചികിത്സ ലഭ്യമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ക്ലിനിക്കുകളും സി.എം.എച്ച്.പി.യുടെ ഭാഗമായി പകൽവീടുകളും തെറാപ്പി സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും തിരിച്ചുപോകാൻ കഴിയാത്തവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 'സ്നേഹക്കൂട്' പദ്ധതി ആരംഭിച്ചിട്ടുണ്ട്. ചികിത്സ കഴിഞ്ഞ് ബന്ധുക്കൾ ഏറ്റെടുക്കാത്തവരെ കണ്ടെത്തി വീടുകളിൽ തിരികെ എത്തിക്കുകയും തിരിച്ചെത്തിക്കാൻ കഴിയാത്തവരെ തദ്ദേശഭരണ/ആരോഗ്യ/സാമൂഹ്യനീതി വകുപ്പുകൾ സംയുക്തമായി നടത്തുന്ന 'ഹോം എഗെൻ' പദ്ധതിയിലൂടെ അഞ്ചുപേരടങ്ങുന്ന സംഘമായി പാർപ്പിക്കുകയും ആവശ്യമായ തൊഴിൽ പരിശീലനം നൽകി സ്വയംപര്യാപ്തരാക്കുകയും ചെയ്യുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരെ സാമൂഹ്യനീതിവകുപ്പിന്റെ കീഴിലുള്ള 'പ്രത്യാശ' പദ്ധതി പ്രകാരം തിരിച്ചെത്തിക്കുന്നുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം മാറിയിട്ടും ബന്ധുക്കൾ

കൊണ്ടുപോകാത്തവരെ വിവിധ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള ശ്രമം നടന്നുവരുന്നു. 25-ഓളം പേരെ വിവിധ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് ഈ വർഷം മാറ്റിയിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രാരംഭനടപടികൾ തയ്യാറാക്കുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തുകയും തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാനസികാരോഗ്യ സംരക്ഷണത്തിനും മാനസികാരോഗ്യ കേന്ദ്രങ്ങളെ രോഗീസൗഹൃദമാക്കി വികസിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാനസികരോഗികളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## IV. സബ്മിഷൻ

### 1. കോടതി സമുച്ചയ നിർമ്മാണം

ശ്രീ. കെ. പി. എ. മജീദ്: തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ കോടതി സമുച്ചയ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം പരപ്പനങ്ങാടിയിൽ പുതിയ കോടതി സമുച്ചയത്തിനായി 25.56 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചിരുന്നുവെങ്കിലും വിവിധ ഇടങ്ങളിലെ കോടതി സമുച്ചയ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ടി തുക നീക്കിവയ്ക്കാൻ ബുദ്ധിമുട്ടാണെന്ന കാര്യം ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്. ടി വിഷയം വീണ്ടും പരിശോധിക്കണമെന്ന ആവശ്യത്തെത്തുടർന്ന് കോടതി സമുച്ചയ നിർമ്മാണങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ തുകയും വിനിയോഗവും സംബന്ധിച്ച് ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരപ്പനങ്ങാടിയിൽ കോടതി സമുച്ചയ നിർമ്മാണം സാധ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## 2. പുതിയ ഡാം നിർമ്മാണം

ശ്രീ. വാഴൂർ സോമൻ: മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം വിലയിരുത്തുന്നതിനായി സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതി കാലാകാലങ്ങളിൽ പരിശോധന നടത്തി

ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകൾക്കനുസരിച്ച് ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനും ഡാമിന്റെ താഴ്‌വാരത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും തമിഴ്നാടിനോടും മേൽനോട്ടസമിതിയോടും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തങ്ങൾ നേരിടുന്നതിനായി കേന്ദ്രസർക്കാർ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ് കമ്മിറ്റിയും സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കീഴിൽ എക്സിക്യൂട്ടീവ് സബ് കമ്മിറ്റിയും രൂപീകരിച്ചതിനു പുറമെ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനവും നടന്നുവരികയുമാണ്. ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജില്ലാഭരണകൂടവും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ജലവിഭവ വകുപ്പും സംയുക്തമായി നടപടി സ്വീകരിച്ചുവരുന്നു.

3. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ജോയി: വർക്കല നിയോജകമണ്ഡലത്തിലെ ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഇടവ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന്

ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ച് ഭരണാനുമതി നൽകുകയും സാമൂഹ്യാഘാത പഠനം നടത്തി സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സിംഗിൾ സ്പാനായി നിർമ്മിക്കാനാണ് അനുമതി ലഭിച്ചതെങ്കിലും ഭാവിവികസനം കണക്കിലെടുത്ത് മൂന്ന് സ്പാനുകളായി തിരുത്തിയ ജി.എ.ഡി. സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്.

പുന്നമൂട് റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിനെത്തുടർന്ന് കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് ആർ.ബി.ഡി.സി.കെ.-യ്ക്ക് ലഭിച്ചിട്ടുണ്ട്. റെയിൽവേയുടെ പരിഗണനയിലുള്ള ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്.

## 4. റോഡ് വികസനം

ഡോ. മാത്യു കുഴൽനാടൻ: മൂവാറ്റുപുഴ-കുത്താട്ടുകുളം പുതിയ റോഡ് നിർമ്മാണത്തിനുള്ള നടപടി ത്വരിതപ്പെടുത്തണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂവാറ്റുപുഴ-കുത്താട്ടുകുളം റോഡ് നിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി നൽകിയതിനു പുറമെ

സാങ്കേതിക അവലോകന പഠനം നടത്തി കിഫ്ബി സമർപ്പിച്ച റിപ്പോർട്ടിനനുസൃതമായി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരികയും ചെയ്യുന്നു. പദ്ധതി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

5. പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: ദേശീയപാത 544-ലുള്ള പുതുക്കാട് ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ചെയ്യേണ്ടതെങ്കിലും ഭൂമി ഏറ്റെടുക്കാനുണ്ടായ കാലതാമസം കാരണം നിർമ്മാണം ഏറ്റെടുത്തിരുന്നില്ല. തൃശ്ശൂർ-അങ്കമാലി റോഡ് ആറുവരി പാതയാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതോടൊപ്പം അടിപ്പാതയും സർവ്വീസ് റോഡും ഓടയും നിർമ്മിക്കുന്നതാണ്.

6. പുത്തൂർ-ചെനക്കൽ ബൈപ്പാസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണത്തിന്റെ മൂന്നാംഘട്ട സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജായി ആവശ്യപ്പെട്ട തുകയും ഭരണാനുമതി നൽകിയപ്പോഴുള്ള 10 ലക്ഷം രൂപയും തിരൂർ തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. ബൈപ്പാസിന്റെ നിർമ്മാണപ്രവൃത്തി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതാണ്.

7. ചാലക്കുടി ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി ജംഗ്ഷനിൽ അടിപ്പാതയും റോഡും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എൻ.എച്ച്.എ.ഐ.-യുടെ മേൽനോട്ടത്തിലും നിർദ്ദേശവുമനുസരിച്ച് പ്രസ്തുത അടിപ്പാതയുടെ 20 ശതമാനവും വലതുവശത്തായി സർവ്വീസ് റോഡും നിർമ്മിച്ചിട്ടുണ്ട്. ടി പ്രവൃത്തി 31-03-2022-ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്.

## 8. കേരള ചിക്കൻ പദ്ധതി

ശ്രീ. ഒ. ആർ. കേളു: കേരളത്തിൽ കോഴിയിറച്ചി ഉൽപ്പാദിപ്പിക്കുന്ന ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ നിരക്കിൽ പൊതുജനങ്ങളിലെത്തിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് സ്റ്റേക്ക്ഹോൾഡർമാരുടെ സഹായത്തോടെ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരള ചിക്കൻ. നൂറ് ശതമാനം മാർക്കറ്റ് ഷെയർ കൈകാര്യം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഘട്ടം ഘട്ടമായാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്.

## 9. ബസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്

സാമ്പത്തിക പരിമിതിയുള്ളതിനാൽ കിഫ്ബി മുഖാന്തരമോ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നോ തുക ലഭ്യമാകുന്ന മുറയ്ക്ക് നവീകരണ പ്രവൃത്തികൾ നടത്താവുന്നതാണ്.

10. സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

ശ്രീ. ജി. സ്റ്റീഫൻ: ജി.വി.രാജാ സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ജി.വി.രാജാ സ്പോർട്സ് സ്കൂളിനോടനുബന്ധിച്ചുള്ള 3 ഏക്കറോളം സർക്കാർ ഭൂമി സ്കൂളിന്റെ വികസനത്തിനായി വിട്ടുനൽകുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ വിലനിർണ്ണയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനും സമഗ്രസർവ്വേ നടത്തി സ്ഥലം അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് കായിക വകുപ്പിന് കൈമാറാനുമുള്ള ശിപാർശ ലഭ്യമാക്കാൻ നെടുമങ്ങാട് തഹസിൽദാരോട് തിരുവനന്തപുരം ജില്ലാകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

## V. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

ചട്ടം 236 (5) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന'

ഡോ. മാത്യു കുഴൽനാടൻ: 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള (എസ്.ആർ.ഒ. നം.275/2020) i, ii, iii, iv, v എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി സ്വീകരിക്കുന്നു.

(ii) ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്ന ഫാറം 2-ന്റെ പട്ടികയിൽ വിൽപ്പന സംബന്ധിച്ച നിബന്ധനകൾ എന്ന ശീർഷകത്തിൻ കീഴിലെ ഇനം 1-ൽ '13-ാം വകുപ്പ് പ്രകാരം' എന്നത് മാറ്റി '113-ാം വകുപ്പ് പ്രകാരം' എന്ന് ചേർക്കുക.

കോടതി അനുമതി ലഭിക്കുന്ന മുറയ്ക്ക് കസ്റ്റഡിയിലെടുത്ത വസ്തു തിരികെ നൽകുന്നതിനോ വിൽക്കുന്നതിനോ നശിപ്പിക്കുന്നതിനോ ജില്ലാ കളക്ടറുടെ അനുമതി ഈ നിയമപ്രകാരം ആവശ്യമില്ല. ജില്ലാ മജിസ്ട്രേറ്റ് അദ്ധ്യക്ഷനായ

ജില്ലാ സമിതിയിൽ ജില്ലയുടെ പൂർണ്ണ അധികാര പരിധിയിൽ വരാത്തതിനാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെ ഉൾപ്പെടുത്താൻ സാധിക്കില്ല.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

## VII. അറിയിപ്പ്

### കാര്യപരിപാടിയിൽ ഭേദഗതി

മി. സ്പീക്കർ: ഇന്നത്തെ കാര്യപരിപാടിയിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചട്ടം 300 പ്രകാരം പ്രസ്താവന നടത്തുന്നതിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക് അനുമതി നൽകുന്നു.

## VIII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രസ്താവന നടത്തി.

## IX. അറിയിപ്പ്

കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ ശിപാർശകളിലെ ഭേദഗതി

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് 2021 ആഗസ്റ്റ് 5-ാം തീയതി വ്യാഴാഴ്ച സഭ പരിഗണിക്കാനിരുന്ന മൃഗസംരക്ഷണം-XXXI, ക്ഷീരവികസനം-XXXII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2021 ആഗസ്റ്റ് 10-ാം തീയതിയിലേയ്ക്ക് മാറ്റുന്നു.

## X. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

(256,82,67,000 രൂപ)

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

(331,99,46,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണമേഖലയെ പൊതുപട്ടികയിൽ കൊണ്ടുവരാനുള്ള കേന്ദ്രഗവൺമെന്റ് നീക്കത്തെ തടയാനും സംസ്ഥാനത്തിന്റെ അധികാരം തിരിച്ചുപിടിക്കാനുമുള്ള നടപടി സ്വീകരിക്കണം. ഭവന നിർമ്മാണം, വിദ്യാഭ്യാസം, പെൻഷൻ വിതരണം, പൊതുവികസനം തുടങ്ങി അടിസ്ഥാന വികസന മേഖലകളിൽ സഹകരണ മേഖല നടത്തിയ പ്രവർത്തനങ്ങൾ

സ്വാഗതാർഹമാണ്. അഴിമതി നടത്തുന്ന സഹകരണ ബാങ്കുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. പരിസ്ഥിതി ദുർബല പ്രദേശങ്ങളും വനങ്ങളും അതുമായി ബന്ധപ്പെട്ട ചതുപ്പുനിലങ്ങൾ, തീരപ്രദേശങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, കായലുകൾ, അഴിമുഖങ്ങൾ തുടങ്ങിയവയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഉൾവനങ്ങളിലെ ഗോത്രവാസികളെ അനുയോജ്യമായ ഇടങ്ങളിൽ മാറ്റിപ്പാർപ്പിക്കുന്നതിനായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ തുക വകയിരുത്തിയതും കിഫ്ബി ഫണ്ടുപയോഗിച്ച് കോട്ടൂർ ആനസംരക്ഷണകേന്ദ്രം സംരക്ഷിച്ചതും ആനകളുടെ പുനരധിവാസത്തിനുള്ള പദ്ധതി ആവിഷ്കരിച്ചതും ഫോറസ്റ്റ് സ്റ്റേഷനുകൾ പുനരാരംഭിച്ചതും ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സൗകര്യമൊരുക്കിയതും വനമേഖലയിലെ പുഴകളിൽ മത്സ്യങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്തിയതും അഭിനന്ദനാർഹമാണ്. ജൈവവൈവിദ്ധ്യ മേഖലയായ സെന്തുരുണി അഗസ്ത്യാർകൂടത്തിൽ ഗവേഷണ കേന്ദ്രം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖലയിലെ അഴിമതിക്കെതിരെ ശക്തമായ നിലപാട് എടുക്കാനും സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്താനും നടപടി

സ്വീകരിക്കണം. വിദ്യാതരംഗിണി പദ്ധതിയിലൂടെ ഓൺലൈൻ വിദ്യാഭ്യാസത്തിന് പലിശയില്ലാതെ നൽകുന്ന വായ്പാതുക പതിനയ്യായിരം രൂപയായി ഉയർത്തണം. സഹകരണ മേഖലയിലെ കേന്ദ്ര ഗവൺമെന്റിന്റെ കടന്നുകയറ്റം ചെറുക്കാനും ജീവനക്കാരുടെ അഭാവം പരിഹരിക്കാനും നടപടി സ്വീകരിക്കണം. 1977-ന് മുമ്പ് മുതൽ ഭൂമി കൈവശം വച്ചനുഭവിക്കുന്ന മലയോര കർഷകർക്ക് പട്ടയം നൽകുകയും വന്യമൃഗ ശല്യം കാരണം കൃഷിനാശം നേരിടുന്ന പ്രദേശങ്ങളിൽ കിടങ്ങുകളും ഫെൻസിംഗും സ്ഥാപിക്കുകയും പറമ്പിക്കുളം ഡാം മാതൃകയിൽ അതിരപ്പിള്ളിയിൽ ടൂറിസം പാക്കേജ് നടപ്പിലാക്കുകയും വേണം.

ശ്രീ. പി. എസ്. സുപാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ രാഷ്ട്രീയവത്കരിക്കുന്ന നിലപാട് അപലപനീയമാണ്. വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ ആദിവാസി വിഭാഗത്തിലെ 500 പേർക്ക് നിയമനം നൽകിയതും പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചതും സ്വാഗതാർഹമാണ്. കർഷകരുടെ പട്ടയ ഭൂമിയിൽ നിന്ന് മരം മുറിക്കാൻ അനുമതി നൽകിയ ഉത്തരവ് ദുരുപയോഗം ചെയ്തവർക്കെതിരെ നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. മനുഷ്യ-വന്യജീവി സംഘട്ടനത്തിന്

ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുകയും വനാതിർത്തികളിൽ സൗരോർജ്ജവേലികളും ആന പ്രതിരോധ മതിലുകളും സ്ഥാപിച്ച് വന്യമൃഗങ്ങൾ കൃഷിമേഖലയിലേക്ക് കടക്കുന്നത് തടയുകയും വന്യമൃഗ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുകയും വേണം. കേരളത്തിലെ സെൻട്രൽ നഴ്സറികളിൽ ഫലവൃക്ഷ തൈകൾ ഉല്പാദിപ്പിക്കുകയും സോഷ്യൽ ഫോറസ്ട്രി വനം പ്ലാന്റേഷനുകളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യണം. വനാതിർത്തിയിൽ താമസിക്കുന്നവർക്കായുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇക്കോ ടൂറിസം പദ്ധതികളുടെയും വനജാഗ്രതാ സമിതികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. വനമേഖലയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളുടെ ശമ്പള കുടിശ്ശിക കൊടുത്ത് തീർക്കുകയും 10-20 വർഷമായി ജോലിചെയ്യുന്ന മസ്ദൂർ വാച്ചർമാരെ സ്ഥിരപ്പെടുത്തുകയും വനമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും വേണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖലയിലെ പ്രശ്നങ്ങൾ സർവ്വകക്ഷി യോഗം വിളിച്ച് ചർച്ച ചെയ്യണം. കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും നിക്ഷേപകരുടെ നിക്ഷേപം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകളിലെ ഇടപാടുകൾ പരിശോധിച്ച് ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും അഴിമതിരഹിതവും സാമ്പത്തിക അച്ചടക്കം പുലർത്തുന്നതുമായ വിശ്വസ്ത സ്ഥാപനമായി സഹകരണ പ്രസ്ഥാനത്തെ ഉയർത്തുകയും വേണം. വനം-റവന്യൂ വകുപ്പുകൾ ആസൂത്രിതമായി നടപ്പിലാക്കിയ മരംകൊള്ളയെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം.

ശ്രീ. ആന്റണി ജോൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഹകരണ ബാങ്കുകളെ അപകീർത്തിപ്പെടുത്തുന്നത് അപലപനീയമാണ്. സമസ്ത മേഖലകളിലും സജീവ ഇടപെടൽ നടത്താൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും അവരെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി റീസർജന്റ് കേരള ലോൺ സ്കീം, സഹായഹസ്തം, സുഭിക്ഷ കേരളം എന്നീ പദ്ധതികൾ വിജയകരമായി

നടപ്പാക്കാനും കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ പ്രതിരോധ പ്രവർത്തനത്തിൽ പങ്കാളികളാകുവാനും സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് നഷ്ടം സംഭവിക്കാതിരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതും സാമ്പത്തിക തട്ടിപ്പ് നടത്തിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതും സ്വാഗതാർഹമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 80 ശതമാനം ആളുകളും സഹകരണ ബാങ്കുകൾ വഴിയാണ് ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നത്. സഹകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസ്യത നിലനിർത്തുവാനുള്ള കൂട്ടായ ശ്രമമുണ്ടാകണം. സഹകരണരംഗം വഴി സാമൂഹ്യ മുന്നേറ്റത്തിനുള്ള നിരവധി പദ്ധതികൾ വിവിധ മേഖലകളിൽ ആവിഷ്കരിച്ചത് സ്വാഗതാർഹമാണ്. നിക്ഷേപ ഗ്യാരന്റി സ്കീമിനെ ശക്തിപ്പെടുത്താനും അതിന്റെ പരിധി വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രഭാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2 ലക്ഷം കോടിയിലധികം വരുന്ന സഹകരണ നിക്ഷേപത്തെ കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതിയിലൂടെ ഊഹക്കച്ചവടത്തിന് ശ്രമിക്കുന്നത്

പ്രതിഷേധാർഹമാണ്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർഹോം പദ്ധതിയിലൂടെ 2000-ൽപ്പരം വീടുകൾ നിർമ്മിച്ചതും 120 കോടിയോളം രൂപ സംഭാവനയായി നൽകിയതും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ, ക്ഷേമപെൻഷനുകൾ എന്നിവ സഹകരണപ്രസ്ഥാനങ്ങളുടെ സഹായത്തോടെ നൽകിയ നടപടിയും സ്വാഗതാർഹമാണ്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനും 'എന്റെ മരം' പദ്ധതി വഴി സ്കൂൾ കുട്ടികൾക്കും ഹരിത കേരളം മിഷന്റെ ഭാഗമായി പഞ്ചായത്തുകളിലും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനും അവ പരിപാലിക്കുന്നതിനും സ്വീകരിച്ച നടപടികൾ അഭിനന്ദനീയമാണ്. ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുവാൻ ശാശ്വതമായ നടപടിയുണ്ടാകണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണമേഖലയെ കൈപ്പിടിയിലൊതുക്കി കോർപ്പറേറ്റുകൾക്ക് അടിയറവ് വയ്ക്കാനുള്ള കേന്ദ്രശ്രമം അപലപനീയമാണ്. പ്രളയക്കെടുതിയിൽ വീടുനഷ്ടപ്പെട്ടവർക്ക് 2067 വീടുകൾ നിർമ്മിച്ചുനൽകിയും പലിശരഹിത വായ്പ വിതരണം ചെയ്തു നാടിന് കൈത്താങ്ങായതും സഹകരണ മേഖലയാണ്. തൊഴിൽ നഷ്ടപ്പെട്ടവരെയും കർഷകരെയും

സഹായിക്കാനായി പ്രഖ്യാപിച്ച പദ്ധതിയുടെ ഭാഗമായി 758 കോടി രൂപയും 'മുറ്റത്തെ മുല്ല' പദ്ധതിയുടെ ഭാഗമായി 500 കോടി രൂപയും സഹകരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ആദ്യഘട്ടമായി 151 കോടി രൂപയും രണ്ടാംഘട്ടമായി 68 കോടി രൂപയും സഹകരണ സംഘങ്ങൾ നൽകിയിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകൾ ആധുനികവത്കരിക്കുന്നതിനും ഇക്കോ ടൂറിസം പദ്ധതിയിലൂടെ വനത്തെ ആശ്രയിച്ച് കഴിയുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. വനാതിർത്തികളിലെ വന്യജീവി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതോടൊപ്പം കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് അനുമതി നൽകുകയും വേണം. വന ഉല്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാധാരണക്കാരന്റെ ആശാകേന്ദ്രമായ സഹകരണമേഖല സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെയും പ്രാഥമിക കാർഷിക വികസന ബാങ്കുകളിലെയും നിക്ഷേപങ്ങളുടെ പലിശയിൽ നിന്നും ടി.ഡി.എസ്. പിരിക്കുന്നത്

ഒഴിവാക്കിയത് സ്വാഗതാർഹമാണ്. നോട്ട് നിരോധന സമയത്ത് നിക്ഷേപകരിൽ നിന്നും സ്വീകരിച്ച 2800 കോടി രൂപയുടെ നോട്ടുകൾ മാറ്റിനൽകാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം സാധാരണക്കാർക്ക് എളുപ്പത്തിൽ സമീപിക്കാൻ പറ്റുന്ന സഹകരണ ബാങ്കുകളെ സംരക്ഷിക്കാനും സാധിക്കണം. കുത്തുപറമ്പിലെ പ്രകൃതി പഠന കേന്ദ്രം പുനരുദ്ധരിക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും അതിർത്തിപ്രദേശങ്ങളിൽ താമസിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വനങ്ങൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കണം. ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തുന്നതിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനാതിർത്തികളിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ കുറയ്ക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. വനത്തിനുള്ളിൽ തീറ്റപ്പുൽ കൃഷി ചെയ്തും ഡാമുകൾ നിർമ്മിച്ചും പക്ഷി-മൃഗാദികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി വിപുലമാക്കാനും ജോയിന്റ് വെരിഫിക്കേഷൻ നടത്തി കൃഷിഭൂമിയും വനഭൂമിയും തരംതിരിക്കാനും നടപടി സ്വീകരിക്കണം. ജനവാസ

മേഖലയിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നതറിയിക്കാനുള്ള എസ്.എം.എസ്. സംവിധാനം തിരുവമ്പാടി മണ്ഡലത്തിലും നടപ്പാക്കുന്നതോടൊപ്പം കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കുന്നതിനും വനമേഖലയിലെ നാശ-നഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രകൃതി ദുരന്തങ്ങളും പകർച്ചവ്യാധികളുമുണ്ടായപ്പോൾ സഹകരണ മേഖല വഹിച്ച പങ്ക് പ്രശംസനീയമാണ്. കൃഷി, കായികം, ടൂറിസം, സാംസ്കാരികം തുടങ്ങിയ വിവിധ മേഖലകളിൽ പുതിയ സഹകരണ സംഘങ്ങൾ ഉണ്ടാകേണ്ടതാണ്.

ശ്രീ സജീവ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാഷ്ട്രീയ അതിപ്രസരം കാരണം കേരളത്തിലെ സഹകരണ മേഖല ദുർബ്ബലമായിരിക്കുകയാണ്. 13 ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് രൂപീകരിച്ച കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾ പാലിക്കാനാകാത്തതിനാൽ ലൈസൻസ് ലഭിച്ചിട്ടില്ലെന്നത് ആശങ്കാജനകമാണ്. കേരള ബാങ്കുകൊണ്ട് പൊതുസമൂഹത്തിന് ഗുണം ലഭിക്കുന്നില്ല. സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതോടൊപ്പം ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ പരിധി ഉയർത്തുകയും കടാശ്വാസ കമ്മീഷൻ നടപടികളിലൂടെയും പലിശ

സബ്സിഡിയിനത്തിലും സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള തുക ലഭ്യമാക്കുകയും ചെയ്യണം. വനം കൊള്ളക്കേസിലെ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഉന്നതതല അന്വേഷണം നടത്തണം. വനാതിർത്തികളിലെ വന്യമൃഗ ശല്യം പരിഹരിക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. കാർഷിക വിളനാശത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും വന്യമൃഗ ആക്രമണ പ്രതിരോധ പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്യണം. അനിവാര്യ മേഖലകളിൽ തോക്കുകൾ ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങളോടെ താൽക്കാലിക ലൈസൻസ് അനുവദിക്കുന്നതിനും ആനമതിൽ, ഫെൻസിംഗ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. വനം വകുപ്പിലെ താഴെത്തട്ടിലെ ജീവനക്കാർക്കാവശ്യമായ സുരക്ഷാ സംവിധാനങ്ങളൊരുക്കുന്നതിനും ശ്രീകണ്ഠാപുരം-ആലക്കോട് സെക്ഷനുകളിൽ സ്വന്തമായി ഓഫീസ് സ്ഥാപിക്കുന്നതിനും സംഘർഷബാധിത ഡിവിഷനുകളിൽ വാഹനസൗകര്യത്തോടുകൂടിയ

റാപിഡ് റെസ്പോൺസ് ടീമിനെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. വനവൽക്കരണം പ്രോത്സാഹിപ്പിക്കാൻ കൂടുതൽ നടപടി ഉണ്ടാകണം.

<u>ശ്രീ. ഒ. ആർ. കേളു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനസംരക്ഷണത്തിന് പ്രാധാന്യം നൽകി വനവത്കരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും വനത്തെയും വന്യമൃഗങ്ങളെയും സംരക്ഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കാട്ടുതീ തടയുന്നതിനും സ്വീകരിച്ച നടപടികളും പരിസ്ഥിതി ദിനത്തിൽ മരം വച്ചുപിടിപ്പിക്കുന്ന നടപടിയും ശ്ലാഘനീയമാണ്. വന്യമൃഗ സംരക്ഷണ/ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വനാവകാശനിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള ബാങ്ക് രൂപീകരിച്ച നടപടിയും ഉത്സവസീസണുകളിൽ നീതി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ പദ്ധതിയും സ്വാഗതാർഹമാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലപ്പുറം ജില്ലാ ബാങ്കിൽ ആധുനിക സാങ്കേതികവിദ്യകൾ നടപ്പാക്കുകയും

ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുകയും ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബാങ്ക് കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വന്യമൃഗ ശല്യത്തിന് ശാശ്വതപരിഹാരം കാണണം. ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മരങ്ങൾ മുറിക്കുന്നത് നിയന്ത്രിക്കുകയും അവ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യണം. സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ശ്രമങ്ങൾ തടയണം. സഹകരണ പ്രസ്ഥാനത്തിന്റെ കാർഷിക-വ്യാവസായിക മേഖലകളിലെ ഇടപടലുകൾ അഭിനന്ദനാർഹമാണ്.

ശ്രീ. വി. ജോയി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അഭിനന്ദനാർഹമാണ്. സോഷ്യൽ ഫോറസ്ട്രി തുടരുന്നത് സംബന്ധിച്ച് പുനരാലോചിക്കുകയും വന്യമൃഗങ്ങളുടെ ശല്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. കാർഷിക-വ്യാവസായിക രംഗങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. ടൂറിസം രംഗവുമായി സഹകരണ

മേഖലയെ ബന്ധപ്പെടുത്തുന്നതോടൊപ്പം സഹകരണ മേഖലയെ ആധുനികവൽക്കരിക്കുന്നതിനും ഓഡിറ്റിംഗിൽ സമൂലമാറ്റം വരുത്തുന്നതിനും വിജിലൻസ് വിഭാഗം കുറ്റമറ്റതാക്കുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാനാവശ്യമായ ഇടപെടലുണ്ടാകണം. വനിത/എസ്.സി.-എസ്.ടി. സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും യുവജനങ്ങൾക്കുമാത്രമായി സഹകരണ സംഘം രൂപീകരിക്കുന്നതിനും 'മുറ്റത്തെ മുല്ല' പദ്ധതി വ്യാപകമാക്കുന്നതിനും സഹകരണ ബാങ്ക് ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ/വനം മേഖലകളിൽ ആസൂത്രിതമായ കൊള്ളയും കവർച്ചയുമാണ് നടക്കുന്നത്. മരംമുറി കേസുകളിൽ ആദിവാസികളെയും കർഷകരെയും ഉൾപ്പെടുത്താനുള്ള നീക്കത്തിൽനിന്ന് പിൻമാറണം. കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിനിരയായവരെ സഹായിക്കാൻ ആശ്വാസ പദ്ധതി നടപ്പാക്കണം. അന്വേഷണ റിപ്പോർട്ടിന്റെയും വകുപ്പുതല ശിപാർശയുടെയും അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സമസ്ത മേഖലകളിലും സഹായമെത്തിക്കുന്ന സഹകരണ മേഖലയിലെ ഒറ്റപ്പെട്ട സംഭവങ്ങൾ പെരുപ്പിച്ചുകാണിക്കുന്ന ആസൂത്രിത നീക്കമാണ് നടക്കുന്നത്. സഹകരണ വകുപ്പ് നടത്തിയ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ നടപടികളാരംഭിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതി വഴി 2067 വീടുകൾ നൽകിയിട്ടുള്ളതും തൃശ്ശൂരിൽ 40 ഫ്ലാറ്റുകൾ ഉടൻ കൈമാറുന്നതുമാണ്. കോവിഡ് മഹാമാരിയെ നേരിടുന്നതിനായി എല്ലാ സഹകരണ സംഘങ്ങളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് കമ്മ്യൂണിറ്റി കിച്ചണുകളെ സഹായിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കുകയും ചെയ്തു. വാക്സിൻ ചലഞ്ചിനും സി.എം.ഡി.ആർ.എഫ്.-നുംകൂടി ഏതാണ്ട് 220 കോടി രൂപ സഹകരണ മേഖല കൊടുക്കുകയാണ്. പ്രകൃതി ദുരന്തങ്ങളുണ്ടായ സന്ദർഭത്തിൽ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചും പലിശയില്ലാതെയും കുറഞ്ഞ പലിശയ്ക്കും വായ്പ നൽകി ജനങ്ങൾക്ക് ആശ്വാസം പകരാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. 'മുറ്റത്തെ മുല്ല' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ/അയൽക്കൂട്ടങ്ങൾക്ക് 4 ശതമാനം പലിശയ്ക്ക് 527 കോടി രൂപയുടെ വായ്പ നൽകാനും റിസ്ക് ഫണ്ടിൽനിന്ന് 291.68 കോടി രൂപയും

ഗുരുതരമായ രോഗം ബാധിച്ചവർക്ക് മെമ്പർ റിലീഫ് ഫണ്ടിൽനിന്നും 24 കോടി രൂപയും നൽകാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയെ സഹായിക്കാനും ഗുണനിലവാരമുള്ള പരിശോധനാ ലാബുകളും ഓൺലൈൻ വിപണന സങ്കേതങ്ങളും ആരംഭിക്കാനും കൺസ്യൂമർ ഫെഡുമായി സഹകരിച്ച് ഹോം ഡെലിവറി സംവിധാനമൊരുക്കാനും സഹായഹസ്ത വായ്പാ പദ്ധതി നടപ്പാക്കാനും സാധിച്ചു. സമസ്ത വിഭാഗങ്ങളിലും സഹകരണ മേഖല ഇടപെട്ട് സമാന്തര സാമ്പത്തിക സങ്കേതമായി പ്രവർത്തിച്ചുവരുന്നു. സഹകരണമേഖല മുഖേന സാമൂഹ്യസുരക്ഷാ പെൻഷന് 5,604 കോടി രൂപ നൽകുകയും കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശികയില്ലാതെ നൽകാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കരുവന്നൂർ സഹകരണ ബാങ്കിലുണ്ടായ സംഭവത്തെക്കുറിച്ച് റിപ്പോർട്ട് ലഭിച്ച് മൂന്ന് ദിവസത്തിനകം ബാങ്കിന്റെ ഭരണ സമിതി പിരിച്ചുവിടുകയും കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് തലത്തിൽ അഡീഷണൽ സെക്രട്ടറിയും അഡീഷണൽ രജിസ്ട്രാറുമടങ്ങുന്ന 9 അംഗ ടീം ബാങ്കിൽ പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ

സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഓഡിറ്റ് സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി സഹകരണ സംഘം നിയമത്തിലെ 65, 66, 68(1) എന്നീ വകുപ്പുകളിൽ നിയമപരമായ ഭേദഗതി വരുത്തുന്നതിനും സി-ഡിറ്റിന്റെ സഹായത്തോടെ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ക്രമക്കേട് നടന്ന സംഘത്തിലെ സഹകാരികളുടെ ആശങ്കയകറ്റുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് തട്ടിപ്പിന് നേതൃത്വം നൽകിയവരുടെ സ്വത്തുവകകൾ കണ്ടുകെട്ടാനും കേരള ബാങ്കിന്റെ സഹായത്തോടെ ഒരു പാക്കേജുണ്ടാക്കി നിക്ഷേപങ്ങൾക്ക് ഗ്യാരന്റികൊടുക്കാനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലകളിൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ പ്രൈമറി ബാങ്കുകൾക്ക് എൻ.ആർ.ഇ. അക്കൗണ്ട് തുടങ്ങാനുള്ള സൗകര്യമോ നിയമപരമായ സംരക്ഷണമോ ഇല്ലാത്തതിനാൽ കേരളാ ബാങ്കിൽ അത് തുടങ്ങാനുള്ള ശ്രമത്തിലാണ്. കേരള ബാങ്കിന്റെ 769 ശാഖകൾക്കും ആർ.ബി.ഐ.-യുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വ്യവസായം, മത്സ്യബന്ധനം തുടങ്ങിയ രംഗങ്ങളിലെ സഹകരണ സ്ഥാപനങ്ങൾ മികച്ച

രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി കൃഷി വകുപ്പുമായി ചേർന്ന് സംരംഭം ആരംഭിക്കുന്നതിനും എസ്.സി./എസ്.ടി. സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളിലൂടെ കോവിഡ് പ്രതിരോധ സാമഗ്രികൾ ഉല്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കേരളാ ബാങ്കിൽ എ.ടി.എം., മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.ടി. സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾ തമ്മിൽ ഐ.ടി. ഇന്റഗ്രേഷൻ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് അക്കാഡമിയെ മികവിന്റെ കേന്ദ്രമാക്കാനും അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ സഹകരണ മേഖലയിലെ ഗവേഷണ സ്ഥാപനമാക്കി മാറ്റാനും ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട്സിൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് റാങ്കിൽ കുറയാത്തയാളെ ഡയറക്ടറാക്കാനും സഹകരണ സ്ഥാപനങ്ങളിലെ കണക്കുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ പ്രൊഫോർമ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ജാപ്പനീസ് പരിസ്ഥിതി സസ്യ ശാസ്ത്രജ്ഞൻ ഡോ. അക്കിറ മിയവാക്കിയുടെ സ്മരണയ്ക്കായി ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് സ്വാഭാവിക വനത്തോട് സാദൃശ്യമുള്ള നഗരവനം സൃഷ്ടിച്ച് അദ്ദേഹത്തിന്റെ നാമധേയം നൽകുന്നതാണ്. അവശനിലയിൽ കണ്ടെത്തുന്ന വന്യമൃഗങ്ങളെ വനം വകുപ്പിന്റെ സംരക്ഷണയിൽ പരിപാലിച്ച് തിരികെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേയ്ക്ക് വിടുന്നതുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തുന്നുണ്ട്. അഗസ്ത്യവനത്തിലെ ഔഷധ സസ്യങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിനായി ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി സ്ഥാപന വനവത്ക്കരണം, വിദ്യാവനം, നഗരവനം, കാവുകളുടെ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, നദീതീരങ്ങളിൽ മുളത്തൈകൾ വച്ചുപിടിപ്പിക്കൽ എന്നീ പദ്ധതികളും വൃക്ഷങ്ങൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാൻ പ്രോത്സാഹന ധനസഹായ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. പരിസ്ഥിതി ദിനത്തിലും വനവത്ക്കരണ കാലത്തും നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ സോഷ്യൽ ആഡിറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും

വനത്തിനുള്ളിൽ താമസിക്കുന്നവരുടെ സമ്മതത്തോടെ ഇതര സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി വനം വകുപ്പിന് കീഴിലുള്ള സുവോളജിക്കൽ പാർക്കായി മാറ്റുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരികയാണ്. തിരുവനന്തപുരത്തെ കോട്ടൂരിൽ ആനകളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയോടുകൂടിയുള്ള പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. കൃഷിക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്ന വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പുമായി കൂടിയാലോചന നടത്തുന്നതാണ്. അതിരപ്പിള്ളി ഇക്കോ ടൂറിസം പദ്ധതി വി.എസ്.എസ് അംഗങ്ങളുടെ പങ്കാളിത്തത്തോടെ ശക്തിപ്പെടുത്തുന്നതാണ്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് മാനദണ്ഡം പരിഷ്കരിക്കേണ്ടതുണ്ട്. കാട്ടുപന്നികളുടെ ശല്യം ഒഴിവാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപടിയെടുക്കണമെന്ന കേന്ദ്ര വനം മന്ത്രാലയത്തിന്റെ നിർദ്ദേശം അപ്രായോഗികമായതിനാൽ കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. കേരള ഫോറസ്റ്റ്

ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. സംസ്ഥാനത്ത് 15 ഫോറസ്റ്റ് സ്റ്റേഷനുകളുടെയും 14 ഫോറസ്റ്റ് ചെക്ക് പോസ്റ്റുകളിൽ സംയോജിത ചെക്ക് പോസ്റ്റ് സമുച്ചയങ്ങളുടെയും നിർമ്മാണം പുരോഗമിക്കുകയാണ്. സ്വാഭാവിക വനങ്ങൾ പുന:സ്ഥാപിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ചെമ്പിക്കുന്നിൽ വനം വകുപ്പിന്റെ 500 ഏക്കർ സ്ഥലത്ത് വനവത്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പിലെ എല്ലാ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആദിവാസി വിഭാഗങ്ങൾക്കായി 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുള്ളതുമാണ്. മരംമുറിയുമായി ബന്ധപ്പെട്ട 48 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ആദിവാസികളും കർഷകരുമുൾപ്പെടെ കബളിപ്പിക്കപ്പെട്ടവർ ശിക്ഷിക്കപ്പെടാതിരിക്കാനുള്ള നിയമപരമായ കാര്യങ്ങൾ സ്വീകരിക്കുന്നതുമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയും 31-നെതിരെ 94 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.01-ന് പിരിഞ്ഞു.

*******